ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രം
വേങ്ങൂർ പി ഒ, എറണാകുളം ജില്ലാ പിൻ.683546
ഇ മെയിൽ ; phcvengoor@gmail.com ഫോൺ.04842645150

**നമ്പർ:863/2025**

**ദർഘാസ് പരസ്യം**

വേങ്ങൂർ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രം വേങ്ങൂരിൽ പാലിയേറ്റീവ് യൂണിറ്റിലേക്ക് 2025 - 2026 സാമ്പത്തിക വർഷത്തേക്ക് ഒക്ക്സിജൻ കോൺസന്ട്രേറ്റർ (10 ലിറ്റർ) വിതരണം ചെയ്യുന്നതിന് നിബന്ധനകൾക്ക് വിധേയമായി താല്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ടെണ്ടറുകൾ ക്ഷണിച്ച് കൊള്ളുന്നു.

അടങ്കൽ തുക - 300000/-

ടെണ്ടർ ഫോം-ൻറെ ഒർജിനലിന് 1000 +ജി.എസ്സ്.ടി 18 % ഡ്യൂപ്ലിക്കേറ്റ് 500 +ജി.എസ്സ്.ടി
ടെണ്ടർ ഫോം നൽകി തുടങ്ങുന്ന തീയതി : 06/10/2025 ന് 10 മണിക്ക്.
ടെണ്ടർ ഫോം നൽകുന്ന അവസാന തീയതി :28/10/2025 ന് 3 മണിക്ക്
ടെണ്ടർ ഫോം സ്വീകരിക്കുന്ന അവസാന തീയതി: 29/10/2025 3 മണിക്ക്
ടെണ്ടർ ഫോം തുറന്ന് പരിശോധിക്കുന്ന തീയതി : 30/10/2025 12 മണിക്ക്

**ടെൻററിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടവ**

1.നിരതദ്രവ്യം - അടങ്കൽ തുക 1 %
2.വിതരണം ചെയ്യുന്ന ഇനങ്ങളുടെ നിലവാര റിപ്പോർട്ട്
3.ടെണ്ടറിനെ സംബന്ധിച്ചിട്ടുള്ള നിബന്ധനകളും നിയമങ്ങളും

**നിബന്ധനകൾ**

1.മെഡിക്കൽ ഓഫീസർ,ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രം എന്ന പേരിൽ മുദ്രവച്ച കവറിൽ ആയിരിക്കണം സമർപ്പിക്കേണ്ടത്.ഓക്സിജൻ കോൺസൻട്രേറ്റർ വിതരണത്തിനുള്ള ടെണ്ടർ എന്ന് വ്യക്തമായി രേഖപ്പെടുത്തണം.
2.ഓക്സിജൻ കോൺസൻട്രേറ്റർ -ൻറെ കമ്പനിയുടെ പേര്,വില,ജി.എസ്സ്.ടി എന്നിവ കൃത്യമായും വ്യക്തമായും ടെണ്ടറിൽ രേഖപ്പെടുത്തണം.
3.നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന ടെണ്ടറുകൾ 30/10/2025 ന് ഉച്ചക്ക് 12 മണിക്ക് ഹാജരാക്കുന്ന ദർഘാസുകാരുടെയോ അല്ലെങ്കിൽ അയാൾ ചുമതലപ്പെടുത്തുന്നവരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും നിബന്ധനകൾ പ്രകാരമുള്ള ടെണ്ടറുകൾ ഉറപ്പിക്കുന്നതായിരിക്കും.

4.ടെണ്ടർ അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചാൽ ടെണ്ടർ കാലയളവിൽ ഓക്സിജൻ കോൺസൻട്രേറ്റർ ആവശ്യപ്പെടുന്ന മുറക്ക് ആശുപത്രി സ്റ്റോറിൽ സ്വന്തം ചെലവിൽ എത്തിച്ച് നൽകേണ്ടതാണ്.

5.ടെണ്ടർ ലഭിക്കുന്ന സ്ഥാപനം സെക്യൂരിറ്റി ഡെപ്പോസിറ്റായി കോട്ട് ചെയ്ത തുകയുടെ 5 % അല്ലെങ്കിൽ 10000/-രൂപ അതിൽ കൂടുതൽ ഏതാണോ ആ തുക എച്ച്.എം.സി-യിൽ അടക്കേണ്ടതാണ്.(എം.എസ്.എം.ഇ രജിസ്ട്രേഷൻ ഉള്ളവർ ഇ.എം.ഡി അടക്കേണ്ട)

6.വിതരണം ചെയ്യുന്ന ഓക്സിജൻ കോൺസൻട്രേറ്ററുകളുടെ ഗുണനിലവാരം കുറവാണെങ്കിലോ,യഥാ സമയം വിതരണം ചെയ്യാതിരിക്കുകയോ ചെയ്താൽ തൊട്ടടുത്ത കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് നിയമാനുസൃതം പർച്ചേസ് ഓർഡർ നൽകുന്നതായിരിക്കും.

7.ആശുപത്രിയുടെ സുഗമമായ പ്രവർത്തനം മുൻനിർത്തി ടെണ്ടർ സമർപ്പിക്കുന്ന സ്ഥാപനങ്ങളുമായി നെഗോസ്യേഷൻ നടത്തുന്നതിനുള്ള അധികാരം മെഡിക്കൽ ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.

8.ടെണ്ടർ സ്ഥിരപ്പെടുത്തിയാൽ ഉത്തരവിലെ നിബന്ധനകളും ടെണ്ടർ നോട്ടീസിലെ നിബന്ധനകളും യഥാവിധി പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.ആയതിൽ വല്ല വീഴ്ചയും വന്നാൽ സർക്കാരിനുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കും.

9.ടെണ്ടർ നടപടിയുടെ ഏത് ഘട്ടത്തിൽ വച്ച് ടെണ്ടർ നടപടികൾ റദ്ദ് ചെയ്യുന്നതിനും നീട്ടിവയ്ക്കുന്നതിനും ഉള്ള അധികാരം മെഡിക്കൽ ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.

10.ടെണ്ടർ വ്യവസ്ഥകളും കൂടുതൽ വിവരങ്ങളും പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

BLOCK FAMILY HEALTH CENTER ★ VENGOOR - 683546

മെഡിക്കൽ ഓഫീസർ
ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രം വേങ്ങൂർ

MEDICAL OFFICER INCHARGE
BLOCK FAMILY HEALTH CENTER
VENGOOR

വേങ്ങൂർ,
03/10/2025

**നോട്ടീസ് ബോർഡ്**

ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രം വേങ്ങൂർ

**പകർപ്പ്**

1.നോട്ടീസ് ബോർഡ് - വേങ്ങൂർ പഞ്ചായത്ത്
2.നോട്ടീസ് ബോർഡ് - കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്
3.നോട്ടീസ് ബോർഡ് - വേങ്ങൂർ വില്ലേജ്
4.ജില്ലാ മെഡിക്കൽ ഓഫീർ (ആ) എറണാകുളം
5.സൂപ്രണ്ട് താലൂക്കാസ്ഥാന ആശുപത്രി പെരുമ്പാവൂർ
6.ഫയൽ - കരുതൽ ഫയൽ